

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor:** Suresh A R **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 11/02/2025

1. കേരളത്തിലെ കാർഷിക മേഖലയുടെ സമഗ്ര വളർച്ചയ്ക്കും, സംരംഭകത്വം, മൂല്യ വർധിത ഉൽപ്പന്ന നിർമ്മാണം, വിപണി ലക്ഷ്യമിട്ടുള്ള ഉല്പാദനപ്രക്രിയ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും, രാജ്യത്തുടനീളം നടന്നുവരുന്ന 10,000 എഫ്പിഒ മേള 2025 കേരളത്തിൽ ഫെബ്രുവരി 21 മുതൽ 23 വരെ കോഴിക്കോട് ട്രേഡ് സെന്ററിൽ സംഘടിപ്പിക്കുന്നു. കേന്ദ്ര, സംസ്ഥാന കൃഷി വകുപ്പുകൾ, SFAC എന്നിവ സംയുക്തമായാണ് എഫ് പി ഒ മേള സംഘടിപ്പിക്കുന്നത്. മേളയുടെ ഭാഗമായി, ബിസിനസ്-ടു-ബിസിനസ് (B2B Meet) സംഘടിപ്പിക്കുന്നു. എഫ് പി ഒ കളുടെ ഉൽപ്പന്നങ്ങൾ സ്ഥിരമായി ലഭിക്കാൻ താല്പര്യമുള്ള വ്യാപാരികൾ, വ്യക്തികൾ, സംഘടനകൾ എന്നിവയുമായി ബി 2 ബി മീറ്റിലൂടെ ധാരണാപത്രത്തിലെത്താനുള്ള സൗകര്യവും ലഭിക്കും. കേരളത്തിലുടനീളമുള്ള 50 ഓളം എഫ്.പി.ഒ കളുടെ സ്റ്റാളുകൾ പ്രദർശനത്തിനുണ്ടാകും. ഉൽപ്പന്നങ്ങൾ ഉപഭോക്താക്കൾക്ക് സ്റ്റാളുകളിൽ നിന്നും വാങ്ങാനുള്ള സൗകര്യം ലഭിക്കും. മേളയുടെ ഭാഗമായി എഫ്.പി.ഒ അംഗങ്ങൾ, കർഷകർ, സംരംഭകർ എന്നിവർക്കായി വിദഗ്ദർ നയിക്കുന്ന ബോധവൽക്കരണക്ലാസ്സുകളുണ്ടാകും. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് (www.keralaagriculture.gov.in) സന്ദർശിക്കുകയോ, 9600973695, 6282290993 എന്നീ നമ്പറുകളിൽ ബന്ധപ്പെടുകയോ ചെയ്യാം.

2. വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ ബാക്ടീരിയ വാട്ടത്തിന് എതിരെ പ്രതിരോധശേഷിയുള്ള ഹരിത വഴുതന തൈകൾ വിൽപനക്കെത്തിയിട്ടുണ്ട്. വില ഒന്നിന് 2/- രൂപ നിരക്കിൽ ലഭ്യമാണ്.വില്പന സമയം: 9:00 AM - 4:00 PM വരെ.

3. മുട്ടക്കോഴിക്കുഞ്ഞുങ്ങൾ വിൽപനയ്ക്ക് സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കൊല്ലം ജില്ലയിലെ കൊട്ടിയം മുട്ടക്കോഴി പ്രജനന

കേന്ദ്രത്തിൽ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്കുണ്ട്. ആവശ്യമുള്ളവർ കെപ്കോയുടെ കൊട്ടിയം ലെയർ ബ്രീഡർ ഫാമിൽ നേരിട്ട് ബുക്ക് ചെയ്യണം. ഫോൺ: 9495000933, 9495000923.

**പരിശീലന പരിപാടി**

4. ക്ഷീരവികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീരകർഷകർക്ക് വിവിധ വിഷയങ്ങളിൽ **ഫെബ്രുവരി 19, 20** എന്നീ തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471-2501706 / 9388834424 എന്നീ നമ്പരുകളിൽ വിളിക്കുക അല്ലെങ്കിൽ വാട്സ് അപ്പ് ചെയ്യുക.

5. തവനൂർ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ICAR ആര്യ പദ്ധതിയുടെ ഭാഗമായി പഴം, പച്ചക്കറി സംസ്കരണ മേഖലയുമായി ബന്ധപ്പെട്ട സംരംഭങ്ങൾ ആരംഭിക്കാൻ താൽപര്യപ്പെടുന്ന 45 വയസിൽ താഴെയുള്ളവർക്കായി "പഴം, പച്ചക്കറി സംസ്കരണ മേഖലയിലെ സംരംഭകത്വ വികസനവും സാധ്യതകളും" എന്ന വിഷയത്തിൽ 24/02/2025 - 28/02/2025 വരെ ഒരാഴ്ച നീളുന്ന സൗജന്യ പരിശീലന ക്ലാസ് സംഘടിപ്പിക്കുന്നു. മലപ്പുറം ജില്ലയിലെ തവനൂർ, കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് രാവിലെ 10 മണി മുതൽ 4 മണി വരെയാണ് പരിശീലനം. ക്ലാസ്സിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 11.02.2025 നു 10 മണിക്ക് മുൻപായി 8547193685 എന്ന നമ്പറിൽ ഫോൺ ചെയ്തു രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന സംരംഭം തുടങ്ങാൻ താൽപ്പര്യമുള്ള 35 പേർക്കാണു അവസരം ലഭിക്കുക.

6. ക്ഷീരവികസന വകുപ്പിൻ്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 2025 ഫെബ്രുവരി 14 മുതൽ 15 വരെ 2

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ദിവസങ്ങളിലായി "സുരക്ഷിതമായ പാൽ ഉല്പാദനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. താൽപ്പര്യമുള്ള ക്ഷീരകർഷകർ ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ, അതാത് ബ്ലോക്ക് ക്ഷീരവികസന ഓഫീസർമാർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യാവുന്നതാണ്. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. പരിശീലനാർത്ഥികൾ 12.02.2025-ന് വൈകുന്നരം 5 മണിക്ക് മുമ്പായി 8089391209, 0476 2698550 ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ബാങ്ക് പാസ്സ് ബുക്കിൻ്റെ പകർപ്പും ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പും പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20/ രൂപ.

7. അസംഘടിതമേഖലയിലെ റബ്ബർതോട്ടംതൊഴിലാളികൾക്കായി റബ്ബർബോർഡ് ഒരു ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നു. റബ്ബർടാപ്പർമാർ, ടാപ്പേഴ്സ് ഗ്രൂപ്പിലെ അംഗങ്ങൾ, റബ്ബറുത്പാദകസംഘങ്ങളിലെ സമൂഹസംസ്കരണശാലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ, ഒരുഹെക്ടർ വരെ വിസ്തൃതിയുള്ള സ്വന്തം റബ്ബർതോട്ടത്തിൽ റെയിൻഗാർഡ് ചെയ്ത നൂറ് മരങ്ങളിലെങ്കിലും കഴിഞ്ഞ ഒരു വർഷമായി സ്വയം ടാപ്പിങ് നടത്തുന്ന കർഷകർ എന്നിവർക്ക് ഈ പദ്ധതിയിൽ ചേരാം. അപേക്ഷകർ 18-നും 59-നും ഇടയിൽ പ്രായമുള്ളവരായിരിക്കണം. പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് സ്വാഭാവിക മരണം സംഭവിച്ചാൽ ഒരു ലക്ഷം രൂപയുടെയും അപകട മരണം/വന്യമൃഗ ആക്രമണം മൂലമുള്ള മരണം സംഭവിച്ചാൽ 5 ലക്ഷം രൂപയുടെയും അപകടം മൂലം പൂർണ അംഗവൈകല്യം സംഭവിച്ചാൽ 2 ലക്ഷം മുതൽ 4 ലക്ഷം വരെ രൂപയുടെയും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കൂടാതെ, പദ്ധതിയുടെ കാലാവധി പൂർത്തിയാകുമ്പോൾ, ഈ കാലയളവിൽ അടച്ച മൊത്തം പ്രീമിയം തുകയ്ക്ക് ആനുപാതികമായി ഒരു തുക ഗുണഭോക്താവിന് ഇൻഷ്വറൻസ് കമ്പനിയിൽ നിന്ന് ലഭിക്കും. ഏറ്റവും കുറഞ്ഞ പ്രീമിയം തുക 300 രൂപയാണ്. ഓരോ ഗുണഭോക്താവിനും വേണ്ടി 900 രൂപ വീതം റബ്ബർബോർഡിന്റെ വിഹിതമായി ഇൻഷ്വറൻസ് കമ്പനിയിൽ അടയ്ക്കും. പദ്ധതിയിൽ ചേരാനുള്ള അവസാന തീയതി 2025 ഫെബ്രുവരി 21 ആണ്. കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡിന്റെ റീജിയണൽ ഓഫീസുകളുമായോ കോട്ടയത്തെ കേന്ദ്രഓഫീസിലെ തൊഴിലാളിക്ഷേമവിഭാഗവുമായോ ബന്ധപ്പെടാവുന്നതാണ്. നിലവിൽ ഈ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർ 2025 ഫെബ്രുവരി 10-ന് മുമ്പ് പ്രീമിയം തുക അടച്ച് പോളിസി പുതുക്കേണ്ടതാണ്. ഫോൺ -0481 2301231 (എക്സ്റ്റൻഷൻ -336)

8. റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് ഫെബ്രുവരി 19 മുതൽ 21 വരെയുള്ള തീയതികളിൽ നടക്കും. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് **0481- 2353127, 7306464582** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം